## സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക മെത്രാഭിഷേക സപ്ലിമെന്റ്

# ദൈവഹിതത്തിന്റെ സാക്ഷാത്കാരം



## റൈറ്റ് റവ. ഡോ. സാബു കെ. ചെറിയാൻ
**ബിഷപ്പ്, സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക**

### നാൾവഴികൾ

| | |
|---|---|
| ജനനം | 1961 ആഗസ്റ്റ് 26 |
| മാതാപിതാക്കൾ | പുന്നയ്ക്കാട്ട് മലയിൽ<br>പരേതരായ ശ്രീ എം. കെ. ചെറിയാൻ ശ്രീമതി ഏലിയാമ്മ ചെറിയാൻ |
| **വിദ്യാഭ്യാസം:** | |
| 1980 | B.Sc., സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി |
| 1982 | P.G. Dip., കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |
| 1983 | B.Ed., പീറ്റ് മെമ്മോറിയൽ ട്രെയിനിങ് കോളേജ്, മാവേലിക്കര |
| 1984 | B.D., യൂണിയൻ ബിബ്ലിക്കൽ സെമിനാരി, പൂനെ |
| 1992 | M.A., സോഷ്യോളജി |
| 2000 | D.Min., ന്യുയോർക്ക് തിയോളജിക്കൽ സെമിനാരി |
| **ഓർഡിനേഷൻ:** | |
| 1988 ഏപ്രിൽ 20 | ഡീക്കൻ ഓർഡിനേഷൻ |
| 1989 ജനുവരി 20 | പ്രസ്ബിറ്റർ ഓർഡിനേഷൻ |
| **ഇടയപരിപാലനം** | |
| 1988 | ആന്ധ്രാ മിഷനറി |
| 1996 | സെന്റ് ആൻഡ്രൂസ് സി.എസ്.ഐ ചർച്ച്, കുമ്പളാംപൊയ്ക |
| 2000 | സി.എസ്.ഐ ജൂബിലി മെമ്മോറിയൽ ചർച്ച്, ന്യൂയോർക്ക് |
| 2003 | സി.എസ്.ഐ അസൻഷൻ ചർച്ച്, കോട്ടയം |
| 2006 | സെൻറ് പോൾസ് സി.എസ്.ഐ ചർച്ച്, മൂലേടം |
| 2011 | സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച്, മാവേലിക്കര |
| 2013 | സെൻറ് മേരീസ് സി.എസ്.ഐ ചർച്ച്, കുഴിക്കാല |
| 2014 | മഹായിടവക ട്രഷറാർ |
| 2017 | സെൻറ് തോമസ് സി.എസ്.ഐ ചർച്ച്, തോലശ്ശേരി |
| 2021 ജനുവരി 18 | സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് |

**സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയുടെ 13-ാമത് ബിഷപ്പായി അഭിഷിക്തനായ റവ. ഡോ. സാബു കെ. ചെറിയാൻ അച്ചന്റെ സ്ഥാനാഭിഷേക ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചവർ**



**മോസ്റ്റ് റവ. എ. ധർമ്മരാജ് റസാലം**
സി.എസ്.ഐ. മോഡറേറ്റർ



**മോസ്റ്റ് റവ. തിയോഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത**



**റൈറ്റ് റവ. ഡോ. ഉമ്മൻ ജോർജ്**
മോഡറേറ്റേഴ്സ് കമ്മിസ്സറി
മദ്ധ്യകേരള മഹായിടവക

## പ്രാർത്ഥനാപൂർവ്വം

ദക്ഷിണേന്ത്യാ സഭയുടെ (സി.എസ്.ഐ.) ഇരുപത്തിനാലു മഹായിടവകകളിൽ പലതുകൊണ്ടും വ്യത്യസ്ത പാരമ്പര്യം ഉള്ള മഹായിടവകയാണ് മദ്ധ്യകേരള മഹായിടവക. മഹായിടവകയ്ക്ക് ഒരു പുതിയ അദ്ധ്യക്ഷനെ വാഴിക്കുന്ന ഈ സമയത്ത് 1816 ലെ മിഷനറി ആഗമനം മുതൽ കഴിഞ്ഞ 204 വർഷങ്ങൾ, അഭിമാനകരമായ വിധത്തിൽ ഈ മഹായിടവകയെ നടത്തിയ ദൈവത്തിനു നന്ദി പറയുന്നു. മിഷനറിമാരുടെ പ്രവർത്തനഫലമായി 1879ൽ രൂപീകൃതമായ തിരുവിതാംകൂർ-കൊച്ചി മഹായിടവകയ്ക്കു നേതൃത്വം നൽകിയ എല്ലാ ബിഷപ്പുമാരും മിഷനറി ദൗത്യത്തിനു പ്രാധാന്യം നൽകി ഗണ്യമായസംഭാവന ചെയ്തു. കേരളത്തിന്റെ സാമൂഹ്യ പരിഷ്ക്കരണത്തിനും സാംസ്കാരിക നവോത്ഥാനത്തിനും പ്രഥമ പരിഗണന നൽകി പ്രവർത്തിച്ചു.

ആത്മീയതയിലൂടെ വ്യക്തികളെയും സമൂഹങ്ങളെയും ദേശത്തേയും പരിവർത്തിപ്പിക്കുന്നതിന് മഹായിടവക എക്കാലത്തും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ആ മഹത്തായ പാരമ്പര്യം സൂക്ഷിക്കുന്നതിനും പുതിയ കാലത്തെ പ്രതിസന്ധിയിൽ ഉന്നതമായ ദർശനത്തോടെ സഭയെ നയിക്കുന്നതിനും പുതുതായി അഭിഷേകം ചെയ്യപ്പെട്ട അഭിവന്ദ്യ ബിഷപ്പ് ഡോ. സാബു കെ. ചെറിയാൻ തിരുമേനിക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ആത്മീയ ഉൾക്കാഴ്ചകൊണ്ടും പ്രവർത്തനമികവുകൊണ്ടും പരിചയ സമ്പത്തുകൊണ്ടും സമ്പന്ന നേതൃത്വമാണ് നമുക്ക് പുതിയ അദ്ധ്യക്ഷനിലൂടെ ലഭ്യമായിരിക്കുന്നത്. നീതി നടപ്പാക്കുന്നതിൽ ശ്രദ്ധാലുവും, സമഭാവന വച്ചു പുലർത്തുന്നതിൽ തൽപ്പരനും, സമകാലികമായി, കാര്യങ്ങൾ വിശകലനം ചെയ്തു തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവും, അതിലുപരി പ്രാർത്ഥനയോടെ എല്ലാ കാര്യങ്ങളും ചെയ്യുവാനുള്ള താല്പര്യവും പുതിയ അദ്ധ്യക്ഷനിൽ നിന്നും നമുക്ക് പ്രതീക്ഷിക്കാം.



സ്ഥാനാഭിഷേക ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ സി.എസ്.ഐ. മോഡറേറ്റർ, സിനഡ് ഭാരവാഹികൾ, മോഡറേറ്റേഴ്സ് കമ്മിസറി, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾ, സ്ഥാനാഭിഷേക കമ്മിറ്റി അംഗങ്ങൾ എന്നിവരോടുമുള്ള പ്രത്യേക നന്ദി അർപ്പിക്കുന്നു.

സ്നേഹത്തോടെ,

**റവ. ഡോ. ഷാജൻ എ. ഇടിക്കുള**
*ജനറൽ കൺവീനർ*



# ബിഷപ്പ് ഡോ. സാബു കെ. ചെറിയാൻ
# കാർഷിക പ്രവർത്തനങ്ങളും വിശ്വാസവും സമന്വയിപ്പിച്ച മഹായിടയൻ

പുന്നയ്ക്കാട് മലയിൽ എം. കെ. ചെറിയാൻ സാറിന്റെയും ഏലിയാമ്മ ചെറിയാൻ ടീച്ചറിന്റെയും ഏഴു മക്കളിൽ ആറാമനായിട്ടാണ് സാബു ജനിച്ചത്. അദ്ധ്യാപികമാരായ സഹോദരിമാർ രണ്ടുപേർ എത്യോപ്യയിലും നൈജീരിയായിലും ജോലി ചെയ്തപ്പോൾ മറ്റു മൂന്നു സഹോദരിമാർ അമേരിക്കൻ ഐക്യനാടുകളിൽ ജോലിക്കായി പോയി. ഏറ്റവും ഇളയ സഹോദരൻ അനി അമേരിക്കയിൽ ജോലി ചെയ്യുന്നു. നാട്ടിൽ അവശേഷിച്ച ഏക ആൾ അച്ചൻ മാത്രമായിരുന്നു.


നാട്ടിലെ പൊതുകാര്യപ്രസക്തനായിരുന്ന പിതാവ് പാപ്പിസാർ പഞ്ചായത്തു മെമ്പറും ഗ്രാമവികസനസമിതി പ്രസിഡന്റും ഒക്കെയായിരുന്നു. സ്വന്തം സ്ഥലം വിട്ടു നൽകി ആരംഭിച്ച സഹകരണ സൊസൈറ്റിയുടെ പ്രസിഡന്റുംകൂടിയായിരുന്ന പിതാവ് മികച്ച കർഷകനായിരുന്നു. കുടുംബംവകയായുള്ള ഏക്കർകണക്കിന് സ്ഥലത്ത് വിവിധ ഇനം കൃഷികൾ നടത്തി വിളവുകൾ ട്രക്കുകൾ നിറച്ച് വില്പ്പനയ്ക്കായി അയച്ചിരുന്ന പിതാവിന്റെ കൃഷിയിടത്തിൽ സഹായിക്കാൻ കൂടിയ സാബുവിലും ഒരു വലിയ കർഷകൻ



*മാതാപിതാക്കൾ: പുന്നക്കാട്ട് മലയിൽ എം.കെ. ചെറിയാൻ–ഏലിയാമ്മ ചെറിയാൻ*



*സാബു അച്ചനും ജെസ്സി കൊച്ചമ്മയും*
*മക്കൾ: ഡോ. സാമും, സിബുവും ഭാര്യ രൂപയും, കൊച്ചുമകളും*



*അഭി. മാണി തിരുമേനിയിൽനിന്നും ഡീക്കൻ പട്ടം സ്വീകരിക്കുന്നു.*

ജനിക്കുകയായിരുന്നു. വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി ആന്ധ്രായിൽ മിഷനറി ആയി ചെന്നപ്പോൾ പിതാവിന്റെ കാലടികൾ പിന്തുടർന്ന് പത്ത് ഏക്കർ ഭൂമി പാട്ടത്തിനെടുത്ത് അവിടെ നെൽകൃഷി ചെയ്തു, നൂറുമേനി വിളയിച്ചു, ആന്ധ്രായിലെ ഗ്രാമീണ ജനതയെപ്പോലും അത്ഭുതപ്പെടുത്തിക്കളഞ്ഞു അച്ചൻ. മിഷനറിപ്രവർത്തനത്തിനുള്ള പണം കണ്ടെത്തുവാൻ കൃഷിയെ ഉപയോഗിച്ചു. അച്ചൻ പിന്നീട് പ്രവർത്തിച്ച മിക്ക ഇടവകയിലും തരിശായി കിടന്ന പള്ളിപ്പുരയിടങ്ങൾ ഫലഭൂയിഷ്ടമായകൃഷിഭൂമികളാക്കി മാറ്റി. ഇടവകയ്ക്കു വരുമാനവും ഇടവകക്കാർക്ക് മാതൃകാപരമായ പ്രകൃതി സംരക്ഷണ പാഠവും അച്ചൻ പകർന്നുനൽകി. മൂലേടത്ത് അച്ചനായിരുന്നപ്പോൾ ആന്ധ്രായിലെ അനുഭവങ്ങൾ പകർത്തി തണ്ണിമത്തൻ കൃഷി ചെയ്തു വൻ വിളവെടുത്തു. മറ്റു കൃഷികളും ഒപ്പം ചെയ്തു. കഞ്ഞിക്കുഴിയിൽ വാഴയും കൃഷി ചെയ്തു. ഒടുവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തോലശ്ശേരിയിൽ വിശാലമായ അച്ചന്റെ കൃഷിയിടം വളരെയേറെ ശ്രദ്ധ പിടിച്ചുപറ്റിയതായിരുന്നു. പത്രമാദ്ധ്യമങ്ങളും ദൃശ്യമാദ്ധ്യമങ്ങളും പലതവണ ഈ കൃഷിഭൂമിയുടെ പ്രധാന്യം വിളിച്ചു പറഞ്ഞു.

തോലശ്ശേരിയിലെ കൃഷിയിൽ അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് ശക്തമായി പിന്തുണച്ച് അവിടെ ചെയ്ത ജൈവ പയർകൃഷിയിൽ ഉല്പാദിപ്പിച്ച ഉല്പന്നങ്ങൾ വാങ്ങുവാൻ വലിയ തിരക്കായിരുന്നു. ഫലവൃക്ഷങ്ങളിൽനിന്നും വാഴയിൽനിന്നും ഉല്പാദിപ്പിക്കപ്പെട്ട ഫലങ്ങൾ അച്ചാറായും ജാം, സ്കാഷ് തുടങ്ങിയ മൂല്യവർദ്ധക ഉല്പന്നങ്ങളായും നിർമ്മിച്ചു. വലിയ ഡിമാന്റായിരുന്നു അച്ചന്റെ ഉല്പന്നങ്ങൾക്ക്. കുക്കുമ്പർ, വെണ്ട, പാവൽ, മുളക്, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന തുടങ്ങി സകല കൃഷികളുടെയും ഉല്പന്ന ചന്ത വലിയൊരു ഉത്സവംതന്നെയായിരുന്നു. മൃഗസംരക്ഷണത്തിൽ താത്പര്യമുണ്ടായിരുന്ന അച്ചൻ പശു, പോത്ത്, കോഴി തുടങ്ങിയവയെയും വളർത്തി. മത്സ്യകൃഷിയിലും അച്ചൻ ശ്രദ്ധ ചെലുത്തിയിരുന്നു. ദൈവം തന്ന ഭൂമി പാഴും ശൂന്യവുമായി ഇടരുത് എന്ന വലിയ ദർശനമാണ് അച്ചനെ നിയന്ത്രിച്ചിരുന്നത്. ഭാഗ്യസ്മരണീയനായ പിതാവിന്റെ ഓർമ്മകൾ ആയിരുന്നു അച്ചനെ നയിച്ചിരുന്നത്. ഭൂമിയെ ശരിയായി പരിപാലിച്ചാൽ അത് നല്ല ഫലം തരുമെന്ന പിതാവിന്റെ വാക്കുകൾ അച്ചന് എന്നും പ്രചോദനമായിരുന്നു.

ഇടവക ശുശ്രൂഷയ്ക്കും കൂട്ടായ്മകൾക്കും പ്രർത്ഥനകൾക്കും ഭവനസന്ദർശനത്തിനും ഒരു മുടക്കവും വരാതെ സൂക്ഷിക്കുവാൻ അച്ചൻ ശ്രമിച്ചിരുന്നു. കുട്ടിക്കാലം മുതൽ ദൈവാശ്രയത്തിലാണ് അച്ചൻ വളർന്നത്. ബിരുദം പൂർത്തിയായപ്പോൾ മറ്റു സഹോദരങ്ങളോടൊപ്പം അച്ചനെയും അമേരിക്കയ്ക്കു കൊണ്ടുപോകുവാനായിരുന്നു പ്ലാൻ. അതിനായി കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഉപരിപഠനം നേടി. കുറച്ചുനാൾ അമേരിക്കയിൽ ജോലി ചെയ്തിട്ട് തിരിച്ചുവന്ന് അധ്യാപകനാകുവാനായിരുന്നു അച്ചന്റെ പ്ലാൻ. അതിനായി ബി. എഡ്.നു ചേർന്നു. എന്നാൽ ബി. എഡ്. പരീക്ഷയ്ക്കു മുമ്പായി ശക്തമായ ദൈവവിളി അച്ചന് ഉണ്ടായി. 'അമേരിക്കയ്ക്കു പോവേണ്ട, എനിക്കു നിന്നെ ആവശ്യമുണ്ട്' എന്ന് ആരോ പറയുന്ന അനുഭവം ഉണ്ടായി. നിരന്തര പ്രാർത്ഥനകൾക്കുശേഷം തീരുമാനമെടുത്തു. അമേരിക്കയ്ക്കു പോകുന്നില്ല. ലഭിച്ച വിസ വേണ്ടെന്നു വച്ചു. ആ വലിയ ദൈവവിളി തന്റെ ശുശ്രൂഷയിൽ എന്നും അനുഗ്രഹകരമായിരുന്നു. ആലപ്പുഴയുടെ ഉപസഭയായ പുന്നപ്രയിലായിരുന്നു ആദ്യ പരിശീലനം. അവിടെ റ്റി. ഐ. ജോർജ് അച്ചന്റെ കീഴിൽ ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽ താമസം. ആ പരിശീലനകാലത്തിനുശേഷം പൂനെയിൽ യൂണിയൻ ബിബ്ലിക്കൽ സെമിനാരിയിൽ പഠനത്തിനായി ചേർന്നു. 1988ൽ പഠനം പൂർത്തിയായി ഡീക്കനായി. ഡീക്കൻപട്ടവും പ്രസ്ബിറ്റർപട്ടവും മാണി തിരുമേനിയിൽനിന്നായിരുന്നു. ആന്ധ്രാമിഷനിലേക്കായിരുന്നു നിയമനം. അവിടുത്തെ ശുശ്രൂഷയ്ക്കു ചേരുംവിധം ഒരു ഹോമിയോ ഡോക്ടറായ ജെസ്സിയുടെ വിവാഹ ആലോചന ദൈവം കൊണ്ടുവന്നു. വിവാഹത്തിനു ശേഷം ഇരുവരും ഒരുമിച്ച് ആന്ധ്രായിൽ മിഷൻ ഫീൽഡിലെത്തി. ജെസ്സി കൊച്ചമ്മ അവിടെ പാവങ്ങളുടെ കാണപ്പെട്ട ദൈവമായിരുന്നു. പ്രസവ കേസ്സുകളും പാമ്പു കടിയേറ്റു വരുന്നവരുടെ കേസ്സുകളും കൊച്ചമ്മ ധാരാളം ഏറ്റെടുത്തു, അനേകരെ മരണത്തിൽനിന്നും രക്ഷിച്ചു. "ജീവൻ രക്ഷിച്ച മിഷനറി ഡോക്ടർ" എന്ന പേരിൽ വാർത്തകൾ ചിത്രംസഹിതം തെലുങ്കുപത്രങ്ങളിൽ നിറഞ്ഞുനിന്നിരുന്നു. 8 വർഷക്കാലം ആന്ധ്രായിലെ പ്രവർത്തനം അച്ചനെയും കൊച്ചമ്മയെയും ദൈവത്തോട് കൂടുതൽ അടുപ്പിച്ചുവെന്ന് അവർ സാക്ഷ്യം പറയുന്നു.

ഇപ്പോൾ മദ്ധ്യകേരള മഹായിടവകയുടെ നേതൃസ്ഥാനത്തേക്ക് അച്ചൻ ഉയർത്തപ്പെട്ടപ്പോൾ അത് ഈ വലിയ പ്രവർത്തനങ്ങൾക്ക് ദൈവം നൽകിയ വലിയ അംഗീകാരമായി നമുക്കു കരുതാം.

(GV)



*മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം*


**ആശംസകളോടെ... സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾ**



റവ.ഡോ. ജേക്കബ് ഡാനിയേൽ
(ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ)



കോശി വി. ജോർജ്
(അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി)



റവ. ഡോ. ഷാജൻ എ. ഇടിക്കുള



റവ. ഷാജി എം. ജോൺസൺ



ബാബു ഏബ്രഹാം



ഡോ. ഗിന്നസ് സുനിൽ ജോസഫ്



ജയപാൽ സാമുവൽ സക്കായി



കെ.എച്ച് ജേക്കബ്



അഡ്വ. ജോർജ് ഇട്ടി



ബോബി ഫിലിപ്പ്സ്



ജിജു മാത്യൂസ് കെ. ഡാൻ



സുകു സി. ഉമ്മൻ



ഡേവിഡ് ലൂക്കോസ്



ആഷാ ബിനു



ഓമന ജേക്കബ്

# Heartfelt wishes from Bishop Emeritus to Emerging Bishop...

**A new decade has dawned** in the history of Madhya Kerala Diocese. We have a new Bishop now. Our Diocese has been eagerly waiting for a new Bishop all these days ever since the previous Bishop retired. Madhya Kerala Diocese is so happy that we received this new Bishop Dr. Sabu K. Cherian as God's New Year gift to the Diocese. We praise God for our new spiritual leader who will be a blessing to the Diocese and also to the Church and Society at large. I know Bishop Sabu K. Cherian personally and had the privilege of working with him in the Diocese for many years. He proved to be an efficient administrator, a person of integrity, and a faithful and hardworking servant of God. His calling to the Episcopal Ministry and his appointment as our Diocesan Bishop show not only God's approval in the matter but also the approval of the people of God. We assure him our continued support and prayers for discharging his sacred duties and responsibilities.

We are going through a global pandemic bringing in a lot of changes in Church Ministry also. The landscape of Episcopal ministry has



**Rt. Revd. Thomas Samuel**
Bishop Emeritus MKD

changed, though the basics are the same. The new Bishop and the Diocese will have to get adjusted to the 'new normal'. The people of God will have to look at the Episcopal ministry in a new perspective and must be ready to embrace new ways of their faith-journey. We must see this world anew in all of its pristine beauty as well as on the backdrop of health and economic issues and the structures that are unjust, oppressive and violent.

I hope our new Bishop will be a person of love and kindness and not arrogant and power crazy, a true servant of Jesus Christ. We must gain insight to see ourselves as stewards of Church's life and resources.

We live in an ecumenical environment. The Church of South India, being a united and uniting church, has an important role to play in building up the Unity of the Church. Madhya Kerala Diocese must rise up to the occasion and be a role model in Ecumenism. With our eyes wide open we know that no one lives or dies unto himself or herself. We are all a part of the bundle of life. We are one family, and we had better start living that way. May we see all others through the compassionate eyes of the Master. The Gospel is not purely spiritual in character, but down to earth. We live at a time when creation is under terrible threat is obvious. We are called to be the 'light of the world and the salt of the earth.' I hope our new Bishop will fulfil this mandate too.

God bless our new Bishop; God bless CSI and God bless Madhya Kerala Diocese.

# അതിജീവനത്തിന്റെ ഉണർത്തു പാട്ടാവാൻ സഭാ നേതൃത്വത്തിലേക്ക്

**റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ**
കോട്ടയം-കൊച്ചി ഭദ്രാസനാദ്ധ്യക്ഷൻ, മലങ്കര മാർത്തോമ്മ സുറിയാനി സഭ

ദൈവത്തിന്റെ സ്വപ്നങ്ങൾക്കനുസരിച്ച് ലോകത്തെ രൂപപ്പെടുത്താനും, രൂപാന്തരപ്പെടുത്താനും ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ട കൂട്ടമായ സഭയെ നയിക്കുവാൻ ദൈവത്താൽ അഭിഷിക്തനായ റൈറ്റ് റവ. ഡോ. സാബു കെ. ചെറിയാൻ തിരുമേനിക്ക്, മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ കോട്ടയം – കൊച്ചി ഭദ്രാസനത്തിന്റെ ആശംസകൾ നേരുന്നതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ട്.



സഭയും സമൂഹവും രാജ്യവും ലോകവും ഇന്നു സങ്കീർണ്ണമായ ഒരു കാലഘട്ടത്തിലൂടെയാണല്ലോ കടന്നുപൊയ്ക്കോണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിൽ സഭയ്ക്കു നേതൃത്വം നൽകുവാൻ പൂർവ്വാധികം വർദ്ധിതമായ ദൈവകൃപ അനിവാര്യമാണ്. അനവരതം ചൊരിയപ്പെടുന്ന ദൈവകൃപയുടെ സമൃദ്ധിയിൽ സി. എസ്. ഐ. സഭയുടെ മദ്ധ്യ കേരള മഹാ ഇടവകയെ നയിക്കുവാൻ അഭിവന്ദ്യ തിരുമേനിയെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കോവിഡ് –19 എന്ന മഹാമാരിയും, കോറോണ വൈറസും കലുഷിതമാക്കിയ സാമൂഹികവും മാനസികവും ആത്മീകവുമായ ചുറ്റുപാടുകളാണ് നമുക്കിന്ന് എവിടെയും കാണുവാനുള്ളത്. മാനസികമായി തളർന്നുപോകുന്നവരുടെ എണ്ണം ഇന്നു പെരുകി വരികയാണ്. പൊതു സമൂഹത്തിനു മാതൃകയായി വരത്തക്കവിധം വിശ്വാസസമൂഹത്തെ വിശ്വാസത്തിന്റെ അടിത്തറയിൽ രൂപപ്പെടുത്തി, പ്രതീക്ഷകൾ ഉണർത്തി, അതിജീവനത്തിന്റെ ഉണർത്തു പാട്ടാക്കി മാറ്റുവാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ട്, പ്രത്യേകിച്ചും സഭാ നേതൃത്വത്തിനുണ്ട്. അതിജീവനത്തിന്റെ അക്ഷയ ചൈതന്യത്താൽ പ്രശോഭിതമായ ഒരു പൊതുസമൂഹത്തെ രൂപാന്തരപ്പെടുത്തുന്നതിൽ രാസത്വരകമായി പ്രവർത്തിക്കുവാൻ സഭയ്ക്കു കഴിയണം. ഇക്കാര്യത്തിൽ മധ്യ കേരള മഹാ ഇടവകയുടെ ബിഷപ്പായി അഭിഷിക്തനായിരിക്കുന്ന തിരുമേനിക്ക് നിശ്ചയമായും നിർണ്ണായകമായ പങ്കും നേതൃത്വവും വഹിക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല. കഴിഞ്ഞ നാളുകളിൽ സമുന്നതമായ നേതൃത്വം നൽകിയ അഭിവന്ദ്യ തിരുമേനിമാരുടെ ചുവടുകൾ പിൻപറ്റിക്കൊണ്ടു തന്നെ ദൈവജനത്തെ പുതിയ പുതിയ സാദ്ധ്യതകളുടെയും അനിവാര്യതകളുടെയും പച്ചയായ പുൽപ്പുറങ്ങളിലേക്കും ദൈവീക സമാധാനത്തിന്റെ സ്വസ്ഥതയുള്ള ജലാശയങ്ങളിലേക്കും നയിക്കുവാൻ അഭിവന്ദ്യതിരുമേനിയെ വലിയവനായ ദൈവം കൂടെയിരുന്നു ശക്തീകരിച്ച് വഴിനടത്തട്ടെയെന്ന് ആശംസിക്കുന്നു, അതിനായി പ്രാർത്ഥിക്കുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ കോട്ടയം – കൊച്ചി ഭദ്രാസനത്തിന്റെ പ്രാർത്ഥനാ നിർഭരമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

# ചരിത്രനിയോഗത്തിലേക്ക്

ഒരു മിഷനറി മഹായിടവകയായ സി. എസ്. ഐ. മദ്ധ്യകേരള മഹായിടവകയുടെ 13–ാമതു ബിഷപ്പയി തെരഞ്ഞെടുക്കപ്പെട്ട ബഹുമാന്യനായ റവ. സാബു കെ. ചെറിയാൻ അച്ചന് അഭിനന്ദനങ്ങൾ... ആശംസകൾ. എന്റെ നല്ല സുഹൃത്തും ഇടവകകൾക്ക് നല്ല ഇടയനും ഉപദേശകനും മഹായിടവകയിൽ നേതൃപാടവം തെളിയിക്കുകയും ചെയ്ത വ്യക്തിത്വമാണ് വന്ദ്യ സാബു അച്ചൻ. പ്രതിസന്ധിയിൽ തളരാതെ വിശ്വാസവും നിശ്ചയാദാർഢ്യവും ദൗത്യനിർവ്വഹണ പടവുകളിൽ അച്ചനു ശക്തി പകർന്നു. സാക്ഷ്യ ജീവിതം കൊണ്ടും പ്രവർത്തന മികവുകൊണ്ടും വിശ്വാസ സമൂഹത്തിന്റെ അനുകരണീയമായ മാതൃകകൾ കാട്ടിക്കൊടുത്ത പ്രിയ സാബു അച്ചന്റെ സ്ഥാനലബ്ദിയിൽ ഞാനും മഹായിടവക ഒന്നടങ്കവും അഭിമാനം കൊള്ളുന്നു. മഹായിടവക അദ്ധ്യക്ഷൻ എന്ന നിലയിൽ വ്യക്തമായ മിഷനറി ദർശനത്തോടും തീഷ്ണതയോടും ചരിത്ര ബോധ്യത്തോടും



ക്രൈസ്തവമൂല്യങ്ങളിൽ പാദമൂന്നി ധീരതയോടും പ്രാർത്ഥനയോടും മഹായിടവകയെ നയിക്കുവാൻ സർവ്വഹൃദയാലുവായ ദൈവം ശക്തീകരിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. ആശംസയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

**റവ. ജേക്കബ് ഡാനിയേൽ**
*(മഹായിടവക ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ)*

# നല്ല അയൽക്കാരൻ ദൈവനിയോഗങ്ങൾക്കായി



സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയുടെ പതിമൂന്നാമതു അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സാബു കെ. ചെറിയാൻ തിരുമേനിക്ക് എന്റെ ആശംസ നേരുന്നു. തിരുമേനി എന്റെ ഇടവകയായ പുന്നക്കാട് സി.എസ്.ഐ. സെന്റ് തോമസ് ഇടവക അംഗമാണെന്നതിനാൽ എന്റെ സന്തോഷത്തിനു മധുരം ഇരട്ടിയാണ്. സഭയെ വളരെ അധികം സ്നേഹിക്കുന്ന ഒരു കുടുംബത്തിൽ ജനിക്കുവാനും ദൈവത്തെ അടുത്തറിഞ്ഞ മാതാപിതാക്കളുടെയും, സ്വന്തം കുടുംബത്തിലെ തന്നെ അനേകം പട്ടക്കാരുടെയും ബസ്കിയാമ്മാരുടെയും സഭാശുശ്രൂഷകരുടെയും ആത്മീയ പരിപോഷണത്തിൽ വളർത്തപ്പെടുവാനും സാധിച്ചത് തിരുമേനിയുടെ ദർശനങ്ങളെയും സമർപ്പണത്തെയും ദൗത്യനിർവഹണത്തെയും വളരെ അധികം സ്വാധീനിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയുവാൻ സാധിക്കും. ഒരു പട്ടക്കാരനെന്ന നിലയിലും മിഷണറിയെന്ന നിലയിലും മഹായിടവക ഖജാൻജിയെന്നതുൾപ്പെടെ വിവിധ അധികാരസ്ഥാനങ്ങളിലും, ദൈവം ഏൽപ്പിച്ച എല്ലാ ഉത്തരവാദിത്തങ്ങളിലും, വിശ്വസ്തതയോടെ നിലനിൽക്കുവാൻ തിരുമേനിക്ക് സാധിച്ചുവെന്നത് നിസ്തർക്കമാണ്. തുടർന്നുള്ള വർഷങ്ങളിൽ, അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വം മധ്യകേരള മഹായിടവകയ്ക്കും തെന്നിന്ത്യ സഭയ്ക്കും പൊതുസമൂഹത്തിനും അനുഗ്രഹമായിത്തീരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ആത്മീയമായും സാമൂഹികമായും നമ്മുടെ മഹായിടവകയെ പുതിയ തലങ്ങളിലേക്ക് കരംപിടിച്ചുയർത്തുക എന്ന ഏറെ ആയാസകരമായ, എന്നാൽ ദൈവീക ശക്തിയാൽ അസാധ്യമല്ലാത്ത, ദൗത്യമാണ് അഭിവന്ദ്യ ബിഷപ്പ് ഏറ്റെടുത്തിരിക്കുന്നത്. അതോടൊപ്പം, ഇടയപരിപാലനം, മിഷൻ, സഭൈക്യപ്രസ്ഥാനം, ആതുരസേവനം, വിദ്യാഭ്യാസം, കാരുണ്യപ്രവർത്തനങ്ങൾ, സാമ്പത്തിക അച്ചടക്കം, ഭരണനിർവ്വഹണം മുതലായ വിവിധ മേഖലകളിൽ ക്രിയാത്മകവും സുതാര്യവും അനുകമ്പാപൂർവ്വവുമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടിയിരിക്കുന്നു.

ഇവയൊക്കെ സാധ്യമാകണമെങ്കിൽ ഒരു ഭാഗത്തു ദൈവീക കൃപ ഏറെ ആവശ്യമാണ്. അതോടൊപ്പം, വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനയും പിന്തുണയും അനിവാര്യമാണ്.

തിരുമേനിയോടൊപ്പം പ്രിയപ്പെട്ട ജെസ്സികൊച്ചമ്മയെയും മക്കളെയും, ദൈവം ഈ മഹായിടവകയ്ക്കും പൊതുസമൂഹത്തിനും അനുഗ്രഹത്തിന് മുഖാന്തരമാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒരു മിഷനറി ഡോക്ടർ എന്ന നിലയിൽ ആന്ധ്രാമിഷനിൽ ആതുരശുശ്രൂഷ ചെയ്യുവാൻ കൊച്ചമ്മയെ ദൈവം ബലപ്പെടുത്തി. തുടർന്നും ഈ ശുശ്രൂഷയിൽ സർവ്വശക്തനായ ദൈവം കൊച്ചമ്മയെ സഹായിക്കട്ടെ.

മഹായിടവക അദ്ധ്യക്ഷനായി ചുമതല ഏറ്റെടുത്ത് വിശ്വസ്തമായി ദൈവസേവ ചെയ്യുവാനും ഇടയപരിപാലനം നിർവ്വഹിക്കുവാനും അഭിവന്ദ്യ സാബു കെ. ചെറിയാൻ തിരുമേനിക്കും ജെസ്സി കൊച്ചമ്മക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**കോശി വി. ജോർജ്**
*(അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി)*

**BISHOP CONSECRATION COMMITTEE**



# ഉന്നതമായ വ്യക്തിത്വം... വ്യക്തമായ കാഴ്ചപ്പാട്...

സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയുടെ 13–ാമത് സഭാപിതാവായി അഭിവന്ദ്യ ബിഷപ്പ് ഡോ. സാബു കെ. ചെറിയാൻ അവരോധിതനാകുന്നത് നമ്മുടെ സഭയെ സംബന്ധിച്ച് അഭിമാന നിമിഷമാണ്.

കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ നമ്മുടെ സഭയ്ക്ക് ഗണ്യമായ സ്ഥാനമാണുള്ളത്.

ക്രൈസ്തവ സഭകളിൽ സവിശേഷമായ ഒരു പദ്ധതി പ്രാവർത്തികമായത് സഭകളിലെ സ്ത്രീ പങ്കാളിത്വത്തിലുള്ള നമ്മുടെ മുന്നേറ്റമാണ്. ഈ സ്ത്രീ ശാക്തീകരണത്തിലൂടെ വൈവിദ്ധ്യത്തിന്റെ സൗന്ദര്യം മാത്രമല്ല സമൂഹത്തിന്റെ ശരിയായ പ്രാതിനിധ്യവും കരുത്തും കൂടിയാണ് വെളിവാകുന്നത്. ഇന്നിന്റെ സ്ത്രീ സമൂഹം വിദ്യാഭ്യാസം തൊഴിൽ സാമ്പത്തിക സുരക്ഷിതത്വം, സാംസ്കാരിക വളർച്ച സൂചികയിൽ കേരളം മുന്നേറിയത് മിഷനറി പ്രവർത്തനങ്ങളുടെ ഫലമായാണ്. മറ്റൊരു സഭയ്ക്ക് സംഭാവന ചെയ്യാൻ കഴിയാത്ത തരത്തിലുള്ള സമ്പന്നമായ സംസ്ക്കാരവും തീക്ഷണതയുമുള്ള മഹായിടവകയുടെ അദ്ധ്യക്ഷ സ്ഥാനത്തേക്കാണ് ബഹുമാനപ്പെട്ട സാബു കെ. ചെറിയാൻ ബിഷപ്പ് അവരോധിതനാകുന്നത്. മുൻകാല അദ്ധ്യക്ഷന്മാരെപ്പോലെ തന്നെ വ്യത്യസ്തമായി നയിക്കുവാൻ അഭിവന്ദ്യ ബിഷപ്പിനു കഴിയും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഉന്നതമായ വ്യക്തിത്വവും വ്യക്തമായ കാഴ്ചപ്പാടും ക്രിസ്തുസ്നേഹത്താൽ സമർപ്പിതനായ വൈദികനായി പ്രശോഭിച്ച അദ്ദേഹം കർമ്മങ്ങളുടെ വൈവിദ്ധ്യ വഴിയിൽ ആത്മാർത്ഥതയോടെ നമ്മോടൊപ്പം സഞ്ചരിച്ചത് നമുക്ക് സാക്ഷ്യമാണ്.



കൊവിഡ്–19 പകർച്ചവ്യാധി മൂലം പ്രതിസന്ധി നേരിടുന്ന, കഷ്ടത അനുഭവിക്കുന്ന ജനങ്ങളെ വിശേഷിച്ച് ഗ്രാമീണ സഭകളെ ജീവന്റെ പരിപാലനത്തിലേക്ക് കൊണ്ടുവരിക എന്നതാണ് മുഖ്യ ലക്ഷ്യമാക്കേണ്ടത്. വ്യത്യസ്തവും ബഹുമുഖവുമായ ജനങ്ങളുടെ കൂട്ടായ്മയാണ് നമ്മുടെ സഭ. എല്ലാവരെയും തുല്യനീതിയോടെ സംരക്ഷിക്കുക എന്ന വലിയ കർത്തവ്യമാണ് പുതിയ അദ്ധ്യക്ഷനിൽ ഉണ്ടാകേണ്ടത്. ഈ ഘട്ടത്തിൽ നിയുക്ത ബിഷപ്പിന്റെ 'മിഷൻ' ഏറെ പ്രാധാന്യമുള്ളതാണ്. ദൗത്യവും സാക്ഷ്യവും മൂർത്തമായ തലങ്ങൾ സഭാ ജീവിതത്തിൽ തെളിമയോടെ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. അതിനോടൊപ്പം ഇവാഞ്ചലൈസേഷനും കൂട്ടിച്ചേർക്കണം.

മഹാമാരിയുടെ പ്രതിസന്ധിയിൽ മനുഷ്യാനുഭവങ്ങൾ ചിതറിക്കപ്പെട്ടു. എന്നാൽ പ്രത്യാശയോടെ അതിജീവിക്കുക എന്നതാണ് ക്രൈസ്തവ സാക്ഷ്യം. സഭയുടെ ദൗത്യാവിഷ്ക്കാര പദ്ധതി എന്താണ് എന്നാണ് എല്ലാവരും പുതിയ ശ്രേഷ്ഠ ഇടയനിൽ ഉറ്റുനോക്കുന്നത്. സ്നേഹത്തിലൂടെ പരസ്പര ആശ്രിതത്വത്തിലൂടെ സഭയെ, ജനങ്ങളെ ശുശ്രൂഷിക്കുക അത് നീതിയിലധിഷ്ഠിതമാകണം... തുല്യമായി പങ്കുവയ്ക്കുന്നതാകണം എന്നതാണ് നമ്മുടെ മുമ്പിലുള്ള ദൗത്യം. അതിനു സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ശ്രേഷ്ഠ ഇടയന് എല്ലാ ഭാവുകങ്ങളും നേരുന്നു...

**ആശാ ബിനു, മുണ്ടക്കയം**
*(അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മെമ്പർ)*

# ദൈവനിയോഗത്തിന്റെ അത്ഭുത വഴികൾ

## ബിഷപ്പ് ഡോ. ഉമ്മൻ ജോർജ്, മോഡറേറ്റേഴ്സ് കമ്മിസറി



മിഷനറിപാരമ്പര്യമുള്ള, ആംഗ്ലിക്കൻ പിന്തുടർച്ചാവകാശമുള്ള മദ്ധ്യകേരള മഹായിടവകയുടെ 13-ാമതു ബിഷപ്പായി റവ. ഡോ. സാബു കെ. ചെറിയാൻ നിയോഗിക്കപ്പെട്ടത് പൂർണ്ണമായും ദൈവനിയോഗമായി ഞാൻ കാണുന്നു. പൂർണ്ണമായും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിർണ്ണായക ഘട്ടത്തിൽ സ്വന്തം നിലനിൽപ്പും സ്ഥാനങ്ങളും തൃണവത്ഗണിച്ച് സഭയുടെ നന്മയ്ക്കുവേണ്ടി മുന്നിട്ടിറങ്ങി സഭാജനങ്ങളെ ഒന്നിപ്പിച്ചു നിർത്തി നയിക്കുവാൻ ബഹു. അച്ചൻ കാണിച്ചിട്ടുള്ള അസാധാരണമായ വൈദഗ്ധ്യവും നേതൃഗുണവും എടുത്തുപറയേണ്ടതാണ്. കർമ്മനിരതനും മനുഷ്യസ്നേഹിയും സർവ്വോപരി ഒരു വലിയ പ്രകൃതിസ്നേഹിയുംകൂടിയായ അച്ചൻ മഹായിടവക നേതൃസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത് പരിസ്ഥിതി സംരക്ഷണത്തിനും വലിയൊരു മുന്നേറ്റം സൃഷ്ടിക്കുവാൻ ഇടവരുത്തും എന്നു വിശ്വസിക്കുന്നു. നിയുക്ത ബിഷപ്പിന്റെ വിശ്വാസതീക്ഷ്ണതയും ആത്മസമർപ്പണവും ദൈവാശ്രയബോധവും എടുത്തുപറയേണ്ടതാണ്. വിദ്യാഭ്യാസം, സുവിശേഷീകരണം എന്നീ കാര്യങ്ങൾക്ക് മുൻതൂക്കം നൽകി വിദേശ മിഷനറിമാർ ആരംഭിച്ച പ്രവർത്തനങ്ങളുടെ പാത പിൻതുടർന്നുകൊണ്ടായിരുന്നു ബഹു. അച്ചന്റെ പ്രവർത്തനങ്ങളെല്ലാം. ആ പാരമ്പര്യത്തിന് ഒരു കോട്ടവും വരുത്താതെ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിക്കുവാൻ അച്ചനു കഴിഞ്ഞു. ആരാധനയിലുള്ള അച്ചന്റെ സമർപ്പണവും പ്രസംഗങ്ങളുമൊക്കെ ആത്മീയ ചൈതന്യം നിറഞ്ഞുനിൽക്കുന്നതാണ്. പ്രകൃതിയോടും കൃഷിയോടുമുള്ള അച്ചന്റെ ബന്ധം ആരെയും ആകർഷിക്കുന്നതാണ്. പ്രലോഭനങ്ങൾക്കും സ്ഥാപിത താത്പര്യങ്ങൾക്കും തെല്ലും വഴങ്ങാത്ത പ്രിയപ്പെട്ട അച്ചൻ ഈ മഹായിടവകയുടെ ശ്രേഷ്ഠ പാരമ്പര്യവും ദർശനവും ഊർജ്ജിത ശക്തിയോടെ നിലനിർത്തുമെന്നും മാന്ദ്യത നിറഞ്ഞ ഈ കാലഘട്ടത്തെ പ്രാർത്ഥനാപൂർവ്വം സമർത്ഥമായി കൈകാര്യം ചെയ്യുമെന്നും എനിക്ക് ഉറപ്പുണ്ട്. ഈശ്വരൻ അതിന് എല്ലാ ശക്തിയും അനുഗ്രഹവും നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം അച്ചനെ അനുഗ്രഹിക്കട്ടെ.

### പബ്ലിസിറ്റി കമ്മിറ്റി/എഡിറ്റോറിയൽ ബോർഡ്



റവ. ഷാജി എം. ജോൺസൺ



ഡോ. ഗിന്നസ് സുനിൽ ജോസഫ്



ജോർജ് വർഗീസ്



അഡ്വ. അനൂപ് വർഗീസ്

### സി.എസ്.ഐ. ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| മഹായിടവകകൾ | – | 24 |
| ബിഷപ്പുമാർ | – | 23 |
| ബിഷപ്പ് എമിരറ്റസ് | – | 42 |
| പട്ടക്കാർ (Active Service) | – | 3420 |
| വനിതാ പട്ടക്കാർ | – | 88 |
| ഇടവകകൾ | – | 3618 |
| സഭകൾ/ ഉപസഭകൾ | – | 16004 |
| അംഗങ്ങൾ | – | 46 ലക്ഷം |
| കോളജുകൾ | – | 101 |
| എഞ്ചിനീയറിംഗ് കോളേജുകൾ | – | 5 |
| മെഡിക്കൽ കോളേജുകൾ | – | 2 |
| വൈദിക സെമിനാരി | – | 7 |
| സ്കൂളുകൾ | – | 1982 |
| ടീച്ചർ ട്രെയ്നിംഗ് സ്കൂൾ | – | 16 |
| ഹോസ്റ്റലുകൾ | – | 525 |
| ആശുപത്രികൾ | – | 72 |
| ഡിസ്പെൻസറികൾ | – | 125 |


### സിനഡ് ഭാരവാഹികൾ



Rt. Rev. Dr. K. Reuben Mark
*(Deputy Moderator)*



Adv. C. Fernnandas Rathina Raja
*(General Secretary)*



Prof. Dr. B. Vimal Sukumar
*(Treasurer)*

## അഭിവന്ദ്യ ബിഷപ്പ് റൈറ്റ് റവ ഡോ. സാബു കെ. ചെറിയാൻ തിരുമേനിക്ക് സി.എസ്.ഐ. കോൺഗ്രിഗേഷൻ ഓഫ് ഹഡ്സൺവാലിയുടെ അഭിവാദ്യങ്ങൾ!!



**സി. എസ്. ഐ. മദ്ധ്യകേരള മഹായിടവകയുടെ 13-ാമത് ബിഷപ്പായി, ആത്മീയ പാതയിൽ സഭയെ നയിക്കുവാൻ ദൈവം നിയോഗിച്ച അഭിവന്ദ്യ ഡോ. സാബു കെ. ചെറിയാൻ തിരുമേനിക്ക് സി.എസ്.ഐ. കോൺഗ്രിഗേഷൻ ഓഫ് ഹഡ്സൺവാലി ഇടവകയുടെ സ്നേഹനിർഭരമായ അഭിവാദ്യങ്ങൾ.**



കർത്താവിൽ പ്രിയരേ,

സി. എസ്. ഐ. മദ്ധ്യകേരള മഹായിടവകയുടെ പ്രവർത്തനങ്ങൾ സജീവമായ പങ്കാളിത്തം നൽകുന്ന ഇടവകയുടെ സി. എസ്.ഐ. കോൺഗ്രിഗേഷൻ ഓഫ് ഹഡ്സൺവാലി, ന്യൂയോർക്ക്. അമേരിക്കയിലെ ന്യൂയോർക്ക് സിറ്റിയുടെ വടക്കുഭാഗത്തും സമീപത്തുള്ള ന്യൂജേഴ്സിയുടെ പ്രദേശങ്ങളിലുമുള്ള സി.എസ്.ഐ. സഭാംഗങ്ങളുടെ ആരാധന സൗകര്യങ്ങൾ മുൻനിർത്തി സ്ഥാപിക്കപ്പെട്ട ഇടവകയാണ് സി.എസ്.ഐ. ഹഡ്സൺ വാലി ഇടവക. 1994-ൽ സ്ഥാപിതമായ ഈ ഇടവക, ആത്മീയ-ഭൗതീക വളർച്ചയിൽ ലഭ്യമാക്കി ഇടവകയുടെ ആരംഭത്തിൽ തന്നെ യൂത്ത് ഫെലോഷിപ്പ്, സ്ത്രീജനസഖ്യം, ആത്മായ സംഘടന എന്നീ ആത്മീയ കൂട്ടായ്മകൾ സംഘടിപ്പിക്കപ്പെട്ടു. ഞായറാഴ്ച ആരാധനയെ സംപുഷ്ടമാക്കുന്ന മനോഹരമായ ഗായകസംഘം, ക്രിസ്തീയ വിദ്യാഭ്യാസത്തിനു മുൻതൂക്കം കൊടുക്കുന്ന സൺഡേസ്കൂൾ എന്നിവ ഇടവകയിൽ സജീവമാണ്. സുവിശേഷീകരണത്തിനു മുൻതൂക്കം നൽകുന്ന ഹഡ്സൺവാലി ഇടവക മദ്ധ്യകേരള മഹായിടവകയുടെ മിഷൻ കേന്ദ്രങ്ങളായ ചർക്കാരി മിഷൻ, തെലുങ്കാന മിഷൻ, മൈസൂർ മിഷൻ, കാട്ടറപ്പിള്ളി മിഷൻ എന്നിവയുടെ പ്രവർത്തനങ്ങളിൽ സജീവ പങ്ക് വഹിക്കുന്നു. ഇടവക അതിന്റെ ബാല്യദശയിൽതന്നെ ഓമല്ലൂരിനടുത്തുള്ള പറയനാലി ഇടവകയ്ക്ക് കരിങ്കല്ലിൽ തീർത്ത ഒരു ആരാധനാലയം നിർമ്മിച്ചു നൽകി. 2019ൽ ഹഡ്സൺവാലി ഇടവക അതിന്റെ ഇരുപത്തഞ്ചാം വാർഷികത്തോട് അനുബന്ധിച്ചു തെലങ്കാനയിലെ ബുധനൂർ സഭയ്ക്കും ഒരു ആരാധനാസ്ഥലം പൂർണ്ണമായി നിർമ്മിച്ചു നൽകുകയുണ്ടായി.

എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും നടക്കുന്ന ബൈബിൾ പഠനം, കുടുംബപ്രാർത്ഥന എന്നിവ ഇടവകയുടെ ആത്മീയ പരിപോഷണത്തിന് വളരെയധികം സഹായിക്കുന്നു. കൂടാതെ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ഫാമിലി റിട്രീറ്റ്, ഗോസ്പൽ കൺവെൻഷൻ, വി. ബി. എസ്., കുടുംബസംഗമം, യുവജനങ്ങൾക്കും മുതിർന്നവർക്കുമുള്ള ഏകദിന റിട്രീറ്റ് എന്നിവ ഹഡ്സൺ വാലി ഇവകയെ സജീവമാക്കുന്നതിൽ വലിയൊരു പങ്കു വഹിക്കുന്നു. കഴിഞ്ഞ ഇരുപത്തിയാറു വർഷമായി ന്യൂയോർക്ക്-ന്യൂജേഴ്സി പ്രദേശങ്ങളിൽ നമ്മുടെ നാഥനായ യേശുക്രിസ്തുവിന്റെ നാമം ഉയർത്തിപ്പിടിക്കുന്ന ഒരു ദീപസ്തംഭമായി നിലനിൽക്കുവാൻ കഴിയുന്നതോർത്ത് സർവ്വശക്തനായ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. സി. എസ്. ഐ. മദ്ധ്യകേരള മഹായിടവകയിലെ വൈദികൻ **റവ. ജോബി വർഗീസ് ജോയി ആവണക്കാട്ടിൽ** ഹഡ്സൺവാലി ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുന്നു. വിനു കോശി (വൈസ് പ്രസിഡന്റ്), തോമസ് എസ്. ചെറിയാൻ (സെക്രട്ടറി), സോണിയ തോമസ് (അസി. സെക്രട്ടറി), ബിന്ദു ജിജി (ട്രഷറാർ), ബിനോ ഏബ്രഹാം, ബിനീഷ് കുര്യൻ ചാണ്ടി, ജോർജ് വർക്കി, രാജീവ് വിൻസ്റ്റൻ, മായ ചെറിയാൻ എന്നിവർ ഉൾപ്പെട്ട ഒമ്പതംഗ ബോർഡ് ഓഫ് ട്രസ്റ്റീസ് ഇടവകയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ഇടവകയ്ക്കുവേണ്ടി
**റവ. ജോബി വർഗീസ് ജോയി ആവണക്കാട്ടിൽ**
*ഇടവകവികാരി*

**Worship Place: CSI Congregation of Hudson Valley, 65, Broadway, Hawthorne, NY 10532**
**Parsonage: 66 West Burda Place, New City, NY 10956 | 845-517-4037, Cell:845-913-6149**

Special Supplиment published by General Convener, Bishop Consecration Committee on 18th January 2021, Copy 5000, For Private Circulatin only. Printed at CMS Press, Kottayam